# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2356** | 12.06.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ആന്റി പ്രോഫിറ്റീറിംഗ് കമ്മിറ്റി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഇ.പി. ജയരാജൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം ജി.എസ്.ടി.യുടെ പേരിൽ അമിതവിലയും അമിത ലാഭവും ഈടാക്കുന്ന വ്യാപാര സ്ഥാപനങ്ങൾക്കും കമ്പനികൾക്കുമെതിരെ നടപടി എടുക്കുന്നതിനായി സംസ്ഥാനത്ത് ആന്റി പ്രോഫിറ്റീറിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഇന്ത്യയൊട്ടാകെ ഒറ്റ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിയാണുള്ളത്. ഇത് കേന്ദ്രഗവൺമെന്റ് രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സ്ക്രീനിംഗ് കമ്മിറ്റിയാണ് പ്രവർത്തിക്കുന്നത്. ഇത് സംസ്ഥാനം S.R.O No. 581/2017 തീയതി 25.09.2017 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി ഇതിനകം 2 തവണ റിപ്പോർട്ട് കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് അയച്ചുകൊടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കമ്മിറ്റിയുടെ ഘടനയും പ്രവർത്തന രീതിയും വ്യക്തമാക്കുമോ; | (ബി) | സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റിയിൽ കേന്ദ്രനികുതിവകുപ്പിന്റെ ഒരു മെമ്പറും സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ ഒരു മെമ്പറും ഉൾപ്പെടുന്നു. പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികൾ സ്ക്രീനിംഗ് കമ്മിറ്റി പരിശോധിച്ചശേഷം കഴമ്പുണ്ടെങ്കിൽ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറും. തുടർ നടപടി സ്വീകരിക്കുന്നത് ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിയാണ്. |
| (സി) | അമിത വിലയും അമിത ലാഭവും സംബന്ധിച്ച് ഉപഭോക്താവിനുള്ള പരാതികൾ ആന്റി പ്രോഫിറ്റീറിംഗ് കമ്മിറ്റിയെ ധരിപ്പിക്കുവാൻ വ്യവസ്ഥയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | അമിത വിലയും അമിത ലാഭവും സംബന്ധിച്ച് ഉപഭോക്താവിനുള്ള പരാതികൾ തെളിവുകൾ സഹിതം സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റിയെ അറിയിക്കാവുന്നതാണ്. ഇതിനുള്ള അപേക്ഷാഫോറം |

| | | | |
|---|---|---|---|
| | | | സംസ്ഥാനചരക്കുസേവന നികുതി വകുപ്പിന്റെ വെബ്സൈറ്റായ "www.keralataxes.gov.in" ലും കേന്ദ്രനികുതി വകുപ്പിന്റെ വെബ്സൈറ്റായ "www.cbec.gov.in"ലും ലഭ്യമാണ്. |

**സെക്ഷൻ ഓഫീസർ**